കരിമ്പു കൃഷി

1294. [1942] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരിമ്പുകൃഷിയുമായി ബന്ധപ്പെട്ട് എത്ര ആളുകൾ പണിയെടുക്കുന്നുവെന്ന് ഗവൺമെൻറ് കണക്കുകൾ എന്തെങ്കിലും ശേഖരിച്ചിട്ടുണ്ടോ ;

(ബി) കരിമ്പു കൃഷി വർഷന്തോറും കുറഞ്ഞുവരുന്നുവെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇന്ന് കരിമ്പു കൃഷിക്കാർക്ക് ഗവൺമെൻറ് നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) ഒരു ടൺ കരിമ്പിന് ഇന്ന് ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്ന വിലയെത്രയാണ് ;

(ഇ) കരിമ്പു വില ഉയർത്തി നിശ്ചയിക്കാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ററി ആൻഡ് വി പദ്ധതി പ്രകാരം ശാസ്ത്രീയ കൃഷിരീതികളെപ്പറ്റി കൃഷിക്കാർക്ക് അറിവുകൾ പകർന്നുകൊടുക്കുന്നുണ്ട്.

(ഡി) ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിന് 205 രൂപയും ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സിന് 250 രൂപയും ആണ്.

(ഇ) കേന്ദ്രഗവൺമെൻറ് ആണ്ടുതോറും നിശ്ചയിക്കുന്ന തറവില അനുസരിച്ച് സംസ്ഥാന വ്യവസായ വകുപ്പ് അതാത് ഫാക്ടറി മേഖലയിൽ വില പുതുക്കി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിലെ കേര കൃഷിക്കാർ

1295. [1943] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിലെ കേര കൃഷിക്കാർക്കുവേണ്ടി കഴിഞ്ഞ മൂന്നവർഷങ്ങളിലായി വിവിധ ബാങ്കുകൾ മുഖേന എത്രപേർക്ക് വായ്പ നൽകിയിട്ടുണ്ടെന്നും ആയതിലേക്കുവേണ്ടി എന്തുതുക ചെലവായിട്ടുണ്ടെന്നും അറിയുമോ ;

(ബി) അവിടത്തെ കേര കൃഷിക്കാരെ സഹായിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly